# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1789 — 08.06.2018 ലെ മറുപടിക്ക്

## ഓൺലൈൻ കെട്ടിട നിർമ്മാണാനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓൺലൈനായി കെട്ടിട നിർമ്മാണ അനുമതി നേടാൻ സഹായിക്കുന്ന തരത്തിലുള്ള സോഫ്റ്റ് വെയർ സംവിധാനം വികസിപ്പിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ സോഫ്റ്റ് വെയർ തയ്യാറാക്കിയത് ഏത് സ്ഥാപനം മുഖേനയാണ്; ഇതിന് വന്ന ചെലവ് എത്രയെന്ന് അറിയിക്കാമോ; | (ബി) Intelligent Building Plan Management System (IBPMS) തയ്യാറാക്കിയത് ദേവ് ഇൻഫർമേഷൻ ടെക്നോളജി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ്. 3,25,01,635/- (മൂന്നു കോടി ഇരുപത്തിയഞ്ച് ലക്ഷത്തി ആയിരത്തി അറുന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപയാണ് ഈ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് വേണ്ടി വന്ന ചെലവ്. |
| (സി) ഈ സോഫ്റ്റ് വെയർ മുഖേന കെട്ടിടനിർമ്മാണ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്നതിന്റെയും അനുമതി നൽകുന്നതിന്റെയും രീതികൾ വിശദമാക്കാമോ; ഇത് സംസ്ഥാനത്ത് മുഴുവൻ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) Intelligent Building Plan Management System (IBPMS) മുഖേന ഏതൊരപേക്ഷകനും ഓൺലൈനായി ബിൽഡിംഗ് പ്ലാൻ, അപേക്ഷകൾ, അനുബന്ധ രേഖകൾ തുടങ്ങിയവ സമർപ്പിക്കാൻ കഴിയും. തുടർന്നുള്ള ഓൺലൈൻ പരിശോധന കഴിഞ്ഞതിനുശേഷം ലേഔട്ട്, കെട്ടിട നിർമ്മാണാനുമതികൾ എന്നിവ ഓൺലൈനായി നൽകാൻ സാധിക്കും; ഇത് എല്ലാ നഗരസഭകളിലും വ്യാപിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ